# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2413 12.02.2020-ൽ മറുപടിക്ക്**

**കുറ്റിപ്പുറം മാൽക്കോ ടെക്സ് സഹകരണ സ്പിന്നിംഗ് മിൽ**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
|---|---|
| (എ) കുറ്റിപ്പുറം മാൽക്കോ ടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) മാൽകോടെക്സിലെ ഓഹരി ഉടമകൾ തെരഞ്ഞെടുപ്പ് നടത്തുന്നതിനെതിരെ പരാതി ഉന്നയിച്ച സാഹചര്യത്തിലാണ് തെരഞ്ഞെടുപ്പ് മാറ്റി വയ്ക്കുവാൻ ഇടയായത്. |
| (ബി) മാൽക്കോ ടെക്സിൽ മൂന്ന വർഷത്തിൽ കൂടുതലായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടത്തുന്നത് ഏത് ചട്ടം അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ; | (ബി) മാൽകോടെക്സിലെ ബൈലോ 20 പ്രകാരമുള്ള ഭരണസമിതി അംഗങ്ങളുടെ കോറം തികയാതിരുന്നതിനാൽ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചു. 1969 ലെ കേരള സഹകരണ നിയമത്തിൽ എത്ര തവണ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കാം എന്ന പ്രത്യേകം പരാമർശിച്ചിട്ടില്ല. നിലവിലുള്ള കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനോ, പുതിയ കമ്മിറ്റിയെ നിയമിക്കുന്നതിനോയുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഈ വിഷയം ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (സി) നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എത്ര പേരെ താൽക്കാലികമായും എത്ര പേരെ സ്ഥിരമായും നിയമിച്ചു; | (സി) മാൽക്കോടെക്സിൽ നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 4 പേരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. |
| (ഡി) നിയമനം നടത്തിയവരുടെ പേര്, യോഗ്യത, പ്രവർത്തന പരിചയം, തസ്തികയുടെ പേര്, ശമ്പളം, നിയമനകാലയളവ് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | (ഡി) മാൽക്കോടെക്സിലെ നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തിയ താൽക്കാലിക നിയമനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | താൽക്കാലിക നിയമനം നടത്തിയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് വാങ്ങിയിട്ടാണോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എൻ.ഒ.സി. വാങ്ങിയിട്ടുണ്ടോ; | (ഇ) & (എഫ്) | അക്കൗണ്ടന്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കി ഇന്റർവ്യൂ നടത്തിയിരുന്നു. ഇപ്രകാരം ഇന്റർവ്യൂ നടത്തി നിയമന ഉത്തരവ് അയച്ച മൂന്നു പേരും ജോലിക്ക് ഹാജരാവാത്തതിനാൽ പത്ര പരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് 2 പേർക്ക് താൽക്കാലിക നിയമനം നൽകി.<br><br>സ്പിന്നിംഗ് മാസ്റ്റർ, സ്പിന്നിംഗ് സൂപ്പർവൈസർ തസ്തികയിലേക്കാവശ്യമായ ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ യോഗ്യതയുള്ളവർ ലഭ്യമല്ല എന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എൻ.ഒ.സി ലഭിച്ചിട്ടുണ്ട്.<br><br>മേൽ സാഹചര്യങ്ങളിൽ മാൽക്കോടെക്സിലെ നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തിയ താൽക്കാലിക നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിന്റെ ആവശ്യകത നിലവിലില്ല. |
| (എഫ്) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റും എൻ.ഒ.സി. വാങ്ങാതെ നടത്തിയ മുഴുവൻ നിയമനങ്ങളും റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

മാൽക്കോടെക്സിലെ നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തിയ താൽക്കാലിക നിയമനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പേര് | തസ്തികയുടെ പേര് | യോഗ്യത | പ്രവൃത്തി പരിചയം | പ്രതിമാസ ശമ്പളം | നിയമന കാലയളവ് |
|---|---|---|---|---|---|---|
| 1 | ശ്രുതിമോൾ.എം | അക്കൗണ്ട്സ് അസിസ്റ്റന്റ് | ബി.കോം കോ-ഓപ്പറേഷൻ | ഇല്ല | 8000/- | ഒരു വർഷം |
| 2 | അനൂപ്.ടി.പി | അക്കൗണ്ട്സ് അസിസ്റ്റന്റ് | ബി.കോം കോ-ഓപ്പറേഷൻ | ഇല്ല | 8000/- | ഒരു വർഷം |
| 3 | സന്തോഷ് കുമാർ.കെ.ജി | സ്പിന്നിംഗ് മാസ്റ്റർ | ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ | 18 വർഷം | 22,000/- | ഒരു വർഷം |
| 4 | സുരേഷ് കുമാർ.എ.പി | സ്പിന്നിംഗ് സൂപ്പർവൈസർ | ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ | 17 വർഷം | 17,500/- | ഒരു വർഷം |

**സെക്ഷൻ ഓഫീസർ**